# കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

കൃഷി വകുപ്പ് ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ, തിരുവനന്തപുരം-33

*0471-2304480  0471-2304230  krishidirector@gmail.com*

ക്വട്ടേഷൻ നോട്ടീസ് നമ്പർ ഐ.ടി/1 / 20421/2017 തീയതി 24/07/2017

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ വികാസ് ഭവനിലെ കാര്യാലയത്തിലേക്ക് മികച്ച ഗുണമേന്മയും, വാറന്റിയുമുള്ള 20 എണ്ണം "കംപ്യൂട്ടർ കീ ബോർഡ്, ഫുൾ സൈസ് ഒപ്റ്റിക്കൽ മൗസ് കോംബോ" ആവശ്യമുണ്ട്. ഈ ഉപകരണം വിതരണം ചെയ്യാൻ തയ്യാറുള്ള അംഗീകൃത വിതരണക്കാരിൽ നിന്നും കൃഷി വകുപ്പ് ഡയറക്ടർ മത്സര സ്വഭാവമുള്ള ക്വൊട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ഈ ഉപകരണം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ വികാസ് ഭവനിലെ കാര്യാലയത്തിൽ വിതരണം ചെയ്യുന്നതിന് നൽകേണ്ട നികുതികൾ ഉൾപ്പടെയുള്ള ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തിയ സീൽ ചെയ്ത ക്വൊട്ടേഷനുകൾ 2017 ജൂലൈ 31 ഉച്ചക്ക് 2 മണിക്കകം ടി ഓഫീസിലെ ഐ.ടി.ഡിവിഷനിൽ സമർപ്പിക്കേണ്ടതാണ്. ലഭ്യമായ ക്വൊട്ടേഷനുകൾ അന്നേ ദിവസം ഉച്ചക്ക് 2 മണിക്ക് ഹാജരായിട്ടുള്ള ക്വൊട്ടേഷണർമാരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ക്വൊട്ടേഷണറുടെ പേരിൽ ക്വട്ടേഷൻ താത്കാലികമായി ഉറപ്പിക്കുന്നതുമാണ്. ക്വൊട്ടേഷൻ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധി ആയാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ക്വൊട്ടേഷൻ തുറക്കുന്നതായിരിക്കും. ക്വൊട്ടേഷന് അംഗീകാരം ലഭിക്കുന്ന മുറക്ക് ക്വൊട്ടേഷണർക്ക് വിതരണ ഉത്തവ് നൽകുന്നതാണ്.

**നിബന്ധനകൾ**

1. ക്വൊട്ടേഷനോടൊപ്പം വിതരണം ചെയ്യാനുദ്ദേശിക്കുന്ന ഉപകരണത്തിന്റെ സ്പെസിഫിക്കേഷൻ, വാറന്റി ഉപാധികൾ, എന്നിവ നൽകേണ്ടതാണ്.
2. വാറന്റി കാലാവധിയിൽ കേടുവരുന്ന ഉപകരണങ്ങൾ മറ്റു ഉപാധികളില്ലാതെ മാറ്റി നൽകേണ്ടതാണ്.
3. വിതരണ ഉത്തരവ് ലഭിച്ച് ഒരാഴ്ച്ചക്കകം ക്വൊട്ടേഷണർ വിതരണം പൂർത്തിയാക്കേണ്ടതാണ്
4. സർക്കാർ ക്വൊട്ടേഷനുകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ക്വൊട്ടേഷനും ബാധകമായിരിക്കും.
5. ഏതൊരു ക്വൊട്ടേഷനും പ്രത്യേകിച്ച് കാരണം കാണിക്കാതെ നിരസിക്കുന്നതിനുള്ള അധികാരം കൃഷി വകുപ്പ് ഡയറക്ടർക്ക് ഉണ്ടായിരിക്കും.

24/7/17

ഡയറക്ടർ
കാർഷിക വികസന-
കർഷക ക്ഷേമ വകുപ്പ്

DIRECTOR
AGRICULTURE DEVELOPMENT
AND FARMER'S WELFARE DEPARTMENT
THIRUVANANTHAPURAM, KERALA

FARMER'S WELFARE DEPARTMENT KERALA